വിദേശ ജോലിക്കായുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റ്

4 (*64) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. എം. ഹംസ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമിഗ്രേഷൻ നിയമപരിഷ്കാരാനന്തരം വിദേശ ജോലിക്കായുള്ള നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് സർക്കാർ സ്ഥാപനമായ ഒഡെപെക് ഉൾപ്പെടെ മൂന്ന് ഏജൻസികൾക്കായി പരിമിതപ്പെടുത്തിയതിനാൽ റിക്രൂട്ട്മെന്റ് സംവിധാനം വിപുലീകരിക്കുന്നതിന് ഒഡെപെക് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതിയ നിയമനം നിലവിൽ വന്നശേഷം ഒഡെപെക് വഴി എത്രപേർക്ക് റിക്രൂട്ട്മെന്റ് ലഭിച്ചെന്ന് അറിയിക്കാമോ;

(സി) എമിഗ്രേഷൻ നിയമഭേദഗതി പ്രാബല്യത്തിലാകുന്നതിനു മുൻപ് വിദേശ ജോലിക്കായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന നേഴ്സുമാരുടെ എമിഗ്രേഷൻ ക്ലിയറൻസിനായി ചെയ്ത കാര്യങ്ങൾ അറിയിക്കുമോ; അതിന്റെ ഫലപ്രാപ്തി വിശദമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ഉണ്ട്. നഴ്സുമാരുടെ റിക്രൂട്ട്മെന്റ് സംവിധാനം വിപുലീകരിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി 3.5 കോടി രൂപ ഒഡെപെക്കിന് അനുവദിച്ചിട്ടുണ്ട്. മെട്രൊപോളിറ്റൻ നഗരങ്ങളിൽ ഒഡെപെക്കിന്റെ ഓഫീസ് ആരംഭിക്കുവാനും സർക്കാർ ഏജൻസികൾവഴി മാത്രം നഴ്സുമാരുടെ റിക്രൂട്ട്മെന്റ് നടത്തുവാൻ എംബസികൾക്ക് നിർദ്ദേശം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. ഒഡെപെക്കിനെ ഇതിനകം അൻപതോളം വിദേശ സ്ഥാപനങ്ങൾ നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിന് താല്പര്യം കാണിച്ച് ബന്ധപ്പെട്ടിട്ടുണ്ട്. 22 സ്ഥാപനങ്ങളിലായി 269 നഴ്സുമാരെ പുതിയ സംവിധാനം വന്നശേഷം റിക്രൂട്ട് ചെയ്ത് അയച്ചിട്ടുണ്ട്. കൂടാതെ 1200 -ഓളം

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവുകൾ ഒഡെപെക്കിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിലേക്കുള്ള നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആസ്ഥാന ഓഫീസിന്റെ വിപുലീകരണത്തിനായി തിരുവനന്തപുരത്തെ വഴുതക്കാട് കാർമൽ ടവേഴ്സിൽ ഉദ്ദേശം 4000 സ്ക്വയർ ഫീറ്റിൽ ആധുനിക സംവിധാനത്തോടെ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഡൽഹിയിൽ ലയ്സൺ ഓഫീസ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സൗദി അറേബ്യ, ഒമാൻ, യു.എ.ഇ., ഖത്തർ മുതലായ രാജ്യങ്ങളിലെ ആരോഗ്യവകുപ്പിന്റെ നിയമനങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു.

(ബി) 269 പേരെ റിക്രൂട്ട് ചെയ്തിട്ടുണ്ട്.

(സി) എമിഗ്രേഷൻ നിയമ ഭേദഗതി പ്രാബല്യത്തിലാകുന്നതിനുമുമ്പ് വിദേശത്ത് ജോലി ലഭിച്ചുപോകുന്ന നഴ്സുമാർക്ക് എമിഗ്രേഷൻ ക്ലിയറൻസിന്റെ ആവശ്യമില്ല.

സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

5 (*65) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly